(ഡി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

കർഷക തൊഴിലാളി നിയമം

253 [425] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലോചിതമായി കർഷകത്തൊഴിലാളി നിയമം പരിഷ്ക്കരിക്കുവാൻ ഗവൺമെന്റ് തയ്യാറാവുമോ ;

(ബി) കർഷക തൊഴിലാളി പ്രോവിഡന്റ് ഫണ്ട് പദ്ധതി എല്ലാ സ്ഥലത്തേക്കും വ്യാപിപ്പിക്കാനും കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കർഷക തൊഴിലാളി നിയമം പരിഷ്ക്കരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) കർഷക തൊഴിലാളി പ്രോവിഡന്റ് ഫണ്ട് പദ്ധതി എല്ലാ സ്ഥലത്തേക്കും വ്യാപിപ്പിക്കുവാൻ ഗവൺമെന്റിന് ഉദ്ദേശമില്ല. കർഷക തൊഴിലാളി ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുവാൻ നടപടി

254 [426] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങളും അത് എവിടെയെല്ലാം സ്ഥാപിക്കുന്നു എന്നുള്ള വിവരങ്ങളും പറയാമോ ;

(സി) കമ്പ്യൂട്ടർ സ്ഥാപിക്കുന്നതുമൂലം ഗവൺമെന്റിനു വരുന്ന ചെലവെത്രയാണ് ;

(ഡി) ഈ ചെലവിലേക്കു കേന്ദ്ര സഹായം കിട്ടുമോ ;

(ഇ) പടിപടിയായി എല്ലാ എക്സ്ചേഞ്ചുകളിലും കമ്പ്യൂട്ടറുകൾ സ്ഥാപിക്കാൻ പരിപാടിയുണ്ടോ ;

(എഫ്) കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതുമൂലം തൊഴിലില്ലായ്മ വർദ്ധിക്കുമെന്നതിനാൽ അത്തരം നടപടികളിൽനിന്നും ഗവൺമെന്റ് പിന്തിരിയുമോ ?

LIBRARY ARCHIVES Kerala Legislative Assembly